**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5666** **18.11.2019**– ൽ മറുപടിയ്ക്ക്

## വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിയ്ക്കുന്നതും ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ മക്കൾക്കെതിരെ നടപടി

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി
ഡോ.എം.കെ.മുനീർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.ടി.എ.അഹമ്മദ് കബീർ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിയ്ക്കുകയും അവരെ ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ മക്കൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിയ്ക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ളവർക്കെതിരെ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിക്കുകയും അവരെ ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ മക്കൾക്കെതിരെ വകുപ്പ് നേരിട്ട് നടപടി സ്വീകരിയ്ക്കുന്നില്ല. എന്നാൽ വയോജനങ്ങളെ പൂർണമായും ഉപേക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഏതെങ്കിലും സ്ഥലത്ത് അവരെ വിട്ടിട്ട് പോകുകയാണെങ്കിൽ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം സംബന്ധിച്ച നിയമം 2007 പ്രകാരം ആർ.ഡി.ഒ. മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. പരാതിയിന്മേൽ വിചാരണ നടത്തി മൂന്ന് മാസത്തെ തടവോ അയ്യായിരം രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കുവാൻ ടി നിയമം വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | സർക്കാർ നേരിട്ട് നടത്തുന്നതോ സർക്കാർ ഗ്രാന്റിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വൃദ്ധസദനങ്ങളിൽ അവിടുത്തെ അന്തേവാസികളുടെ കുടുംബ- | (ബി) | സർക്കാർ നേരിട്ടു നടത്തുന്ന വൃദ്ധസദനങ്ങളിൽ താമസക്കാരുടെ ബന്ധുക്കളുടെ വിവരങ്ങൾ സൂക്ഷിക്കുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള |

| | | | |
|---|---|---|---|
| | ത്തിന്റെയും മക്കളുടെയും വിശദ-വിവരം സൂക്ഷിയ്ക്കാറുണ്ടോ; | | എല്ലാ വയോജന സംരക്ഷണ ക്ഷേമകേന്ദ്രങ്ങളിലും പാർപ്പിച്ചിരിക്കുന്ന-വരുടെ ലഭ്യമായ വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ട്. കുടുംബത്തിന്റെയും മക്കളുടെയും വിവരങ്ങൾ ലഭ്യമാണെങ്കിൽ ആയതും രേഖപ്പെടുത്താറുണ്ട്. |
| (സി) | എങ്കിൽ വൃദ്ധ മാതാപിതാക്കളെ ഉപേക്ഷിയ്ക്കുകയോ ഏറ്റെടുക്കാൻ തയ്യാറാകാതിരിക്കുകയോ ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരായവർ ഉൾപ്പെടെയുള്ള മക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിയ്ക്കു-ന്നതിന്റെ സാധ്യതകൾ പരിഗണിയ്ക്കുമോ; വിശദമാക്കുമോ? | (സി) | വൃദ്ധസദനങ്ങളിൽ മാതാപിതാക്കളെ ഉപേക്ഷിക്കുകയും അവരെ ഏറ്റെടുക്കാൻ തയ്യാറാകാത്തതുമായ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള മക്കൾക്കെതിരെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം സംബന്ധിച്ച നിയമം 2007 പ്രകാരം നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ട്. |

**സെക്ഷൻ ഓഫീസർ**